"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊല്ലം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ Public-Private Partnership മാതൃകയിൽ വികസിപ്പിക്കുന്നതിന് കേരള മാരിടൈം ബോർഡിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/F&P തീയതി, തിരുവനന്തപുരം, 13-02-2026

---

പരാമർശം:- 1. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/10/202, 29/3/202 എന്നീ തീയതികളിലെ HOKMB-TVM/ 1194/ 2024-C1(Devp) നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിൽ 17 നോൺ മേജർ തുറമുഖങ്ങളാണുള്ളത്. അവയിൽ (വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ) 4 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളു. എന്നാൽ വാണിജ്യ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഈ പോർട്ടുകളിൽ നടക്കുന്നില്ല. ബേപ്പൂർ പോർട്ടിൽ ലക്ഷദ്വീപ് ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ മാത്രമാണ് നടക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തത പോർട്ട് വികസനത്തെ ബാധിക്കുന്നുണ്ട്. സാഗർമാല സ്കീമിൽ നിന്നും ലഭ്യമാകുന്ന 50% ഫണ്ട് പോലും ലഭ്യമാക്കുവാനാകുന്നില്ല. ഈ സാഹചര്യത്തിൽ പോർട്ടുകളുടെ പ്രവർത്തനത്തിനും വികസനത്തിനും private participation കൊണ്ടുവരുന്നത് ഉചിതമായിരിക്കുമെന്നും കേരള മാരിടൈം ബോർഡിന്റെ കീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ള 4 നോൺമേജർ പോർട്ടുകളുടെയും വികസനം, പ്രവർത്തനം, logistical services എന്നിവ PPP model പ്രകാരം നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികളുമായി മുന്നോട്ടു പോകുവാൻ അനുമതി നൽകണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(a) നാല് നോൺ മേജർ തുറമുഖങ്ങളും ഏത് രീതിയിൽ വികസിപ്പിക്കുന്നതാണ് സംസ്ഥാനത്തിനും രാജ്യത്തിനും കൂടുതൽ ഗുണകരം എന്നുള്ളത് പഠിക്കുവാൻ ഈ മേഖലയിലെ വൈദഗ്ധ്യമുള്ള ഒരു സ്ഥാപനത്തെകൊണ്ട് ഫീസിബിലിറ്റി സ്റ്റഡി നടത്തുക. കേരളാ മാരിടൈം ബോർഡ് നിയമിച്ചിട്ടുള്ള പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായ 'Grant Thornton' ന് ഈ മേഖലയിൽ വൈദഗ്ധ്യം ഉള്ളതിനാൽ അവരെ ഈ ചുമതല ഏല്പിച്ച് ഇതിനായുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

(b) ഓരോ തുറമുഖങ്ങൾക്കും വ്യത്യസ്ത രീതിയിലുള്ള പി പി പി മോഡലുകളാകും ഫലപ്രദം എന്നതിനാൽ ഓരോ തുറമുഖങ്ങളുടെയും ഫീസിബിലിറ്റി സ്റ്റഡി പ്രത്യേകം നടത്തുന്നതാണ്. അഴീക്കലിൽ മലബാർ പോർട്ട് ആൻഡ് എസ്.ഇ.ഇസ്സഡ് പ്രോജക്ട് തയ്യാറായി വരുന്നതിനാൽ അതിലെ വസ്തുതകൾ കൂടി പരിഗണിച്ചാകും പ്രസ്തുത  തുറമുഖത്തിന്റെ മാതൃക തയ്യാറാക്കുക.

(c) ഇതോടൊപ്പം തന്നെ നാല്  നോൺ മേജർ തുറമുഖങ്ങളും പി പി പി മാതൃകയിൽ വികസിപ്പിക്കുവാൻ ഈ മേഖലയിലെ അന്താരാഷ്ട്ര തലത്തിലുള്ള സംരഭകരിൽ നിന്നും അഭിപ്രായവും ഏത് രീതിയിലുള്ള വികസനമാണ് അഭികാമ്യമെന്നുള്ള കാര്യം വിപണിയിൽനിന്നും മനസ്സിലാക്കുന്നതിനും പ്രമുഖ പത്രങ്ങളിൽ വിശദമായ താലര്യപത്രം ക്ഷണിക്കുന്നതാണ്.

(d)  ഇതോടൊപ്പം ഈ മേഖലയിലെ പ്രമുഖരുടെ അഭിപ്രായം പി പി പി മോഡൽ വികസനത്തിനായി നേടുന്നതിന് അന്താരാഷ്ട്ര മാരിടൈം മേഖലയിലടക്കം ഉള്ളവരുമായി സംവാദം നടത്തുന്നതിനായി ഒരു കേരളാ മാരിടൈം കോൺക്ലേവ് നടത്തുന്നതാണ്.

(e) സമാന്തരമായി തന്നെ, കയ്യേറ്റം ചെയ്യപ്പെട്ട തുറമുഖ ഭൂമികൾ വീണ്ടെടുക്കുന്നതിനും ആയവ തുറമുഖ വികസനത്തിനായി ഉപയോഗിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥ രാഷ്ട്രീയ, സാമുദായിക പൗര പ്രമുഖരുമായി ചർച്ചകൾ നടത്തുന്നതാണ്.

(f). ഈ നാല്  പ്രക്രിയയിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ ക്രോഡീകരിച്ചും അവയിൽ നിന്നുള്ള നിക്ഷേപം  ഉപയോഗപ്പെടുത്തിയും ഓരോ തുറമുഖവും സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഓരോ തുറമുഖങ്ങൾക്കും പറ്റിയ മാതൃക തയ്യാറാക്കി സ്വകാര്യ സംരംഭകരെ ക്ഷണിക്കുവാനുള്ള ടെണ്ടർ നടപടികൾ ബോർഡിന്റെ അനുമതി നേടിയ ശേഷം സർക്കാരിന് സമർപ്പിക്കുന്നതാണ്.

(g) സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളിലൂടെ സ്വകാര്യ സംരംഭകരെ കണ്ടെത്തി വ്യക്തമായ കൺസഷൻ എഗ്രിമെന്റ് ഒപ്പിട്ട് മുന്നോട്ട് പോകുന്നതാണ്.

അവസാന ഘട്ട രണ്ട് പ്രവർത്തനങ്ങൾക്ക് (f&g) മുൻപും സർക്കാരിന്റെ മുൻകൂർ അനുമതി ഒരിക്കൽകൂടി നേടുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.  കേരള മാരിടൈം  ബോർഡിനു കീഴിലുള്ള കൊല്ലം, ബേപ്പൂർ എന്നീ  തുറമുഖങ്ങൾ P P P മാതൃകയിൽ വികസിപ്പിക്കുന്നതിന് ചുവടെ ചേർ ക്കുന്ന വ്യവസ്ഥകളോടെ  കേരള മാരിടൈം ബോർഡിന് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

i. കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾക്കായി  പ്രത്യേകം ഫീസിബിലിറ്റി സ്റ്റഡി നടത്തുക.
ii. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, ഓരോ തുറമുഖത്തിനും പറ്റിയ മാതൃക തയ്യാറാക്കി, സ്വകാര്യ സംരംഭകരെ ക്ഷണിക്കുവാനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു മുന്നോടിയായും, ടെണ്ടർ നടപടികളിലൂടെ സ്വകാര്യ

സംരംഭകരെ കണ്ടെത്തി വ്യക്തമായ കൺസെഷൻ എഗ്രിമെന്റ് ഒപ്പിടുന്നതിനുമുന്പായി സർക്കാരിന്റെ മുൻകൂർ അനുമതി നേടുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (11-2-2026 ലെ മന്ത്രിസഭാ യോഗം ഇനം. നം. 3639)
ധനകാര്യവകുപ്പ്(14.1.2026 ലെ 3310501/WCD-2/272/2025-FIN)
ഇൻഫർമേഷൻ ഓഫീസർ, ഐ & പി ആർ ഡി, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
സെക്ഷൻ ഓഫീസർ
Date: 13-02-2026 16:33:23